# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003

ഫോൺ : 0471 2727378, 04712727379 email : obcdirectorate@gmail.com


**BCDD-A3-1292/18(1)** തീയതി : 05/12/2018

## നോട്ടിഫിക്കേഷൻ

സ്വകാര്യ മേഖലയിൽ പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ വാഹന രംഗം,ഹോട്ടൽ വ്യവസായ രംഗം, ലോജിസ്റ്റിക്സ് രംഗം,പോളിമർ ഇൻഡസ്ട്രി എന്നീ മേഖലകളിൽ സർക്കാർ നടപ്പിലാക്കുന്ന **'കരിയർ ഇൻ പ്രൈവറ്റ് ഇൻഡസ്ട്രി ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ'** എന്ന പദ്ധതിയുമായി സഹകരിയ്ക്കാനും, വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ഉറപ്പു നൽകുവാനും തയ്യാറുള്ള സ്വകാര്യ സംരംഭകരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും താൽപ്പര്യ പത്രം ക്ഷണിക്കുന്നു. പരിശീലന കാലയളവിൽ സർക്കാർ സ്റ്റൈപന്റ്/ഫീസ് അനുവദിയ്ക്കുന്നതാണ്.പരമാവധി കാലയളവ് 10 മാസം. പരിശീലന ചെലവ് പ്രതി മാസം 8000/-രൂപ വരെ.

## സ്ഥാപനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ

1. സ്ഥാപനത്തിന്റെയും വകുപ്പിന്റെയും പ്രതിനിധികളടങ്ങിയ സമിതിയായിരിക്കും ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നത്.

2. പരിശീലന സ്ഥാപനത്തിന് 10 വർഷത്തെ പ്രവർത്തി പരിചയമുണ്ടായിരിക്കണം. ബന്ധപ്പെട്ട മേഖലകളിൽ വ്യക്തി മുദ്ര പതിപ്പിച്ച സ്ഥാപനമായിരിക്കണം.

3. ഒരേ സമയം പത്തോ അതിൽക്കൂടുതലോ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് സൗകര്യമുണ്ടായിരിക്കണം.

4. സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളുമായി സമാന പദ്ധതിയിൽ സഹകരിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.

5. പദ്ധതി അനുസരിച്ച് തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് പരിശീലന കാലത്ത് പ്രതിമാസം പരമാവധി 8000/- രൂപാ( 4000/-രൂപ സ്റ്റൈപന്റ് +4000/- രൂപ സ്ഥാപനത്തിനുള്ള ട്രെയിനിംഗ് ഫീസ്) വീതം പത്തു മാസം വരെ പരിശീലന ചെലവ് നൽകുന്നതാണ്.

6. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പദ്ധതിയുടെ വ്യവസ്ഥകൾ പ്രകാരം തൊഴിൽ നൽകുന്നതിന് സ്ഥാപനം ബാദ്ധ്യസ്ഥമായിരിക്കും.

7. ഇതു സംബന്ധിച്ച് സ്ഥാപനം സർക്കാരുമായും ഉദ്യോഗാർത്ഥിയുമായും നിശ്ചിത മാതൃകയിലുള്ള കരാർ ഒപ്പിടേണ്ടതാണ്.

8. തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ സ്ഥാപനത്തിന്റെ നിയന്ത്രണങ്ങൾക്കും പെരുമാറ്റ ചട്ടത്തിനും വിധേയമായി പ്രവർത്തിക്കേണ്ടതാണ്.

9. ഓരോ മാസവും 5-ാം തീയതിയ്ക്കുമുമ്പ് ബന്ധപ്പെട്ട സ്ഥാപനം നൽകുന്ന മുൻമാസത്തെ ഹാജരിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിലായിരിക്കും ഉദ്യോഗാർത്ഥികൾക്ക് സ്റ്റൈപ്പന്റ് അനുവദിക്കുന്നത്.

10. പദ്ധതി സംബന്ധിച്ചും സർക്കാർ ഉത്തരവ് സംബന്ധിച്ചുമുള്ള മറ്റ് വിശദാംശങ്ങൾ www.bcdd.kerala.gov.in എന്ന വിലാസത്തിലും 0471-2727379 (തിരുവനന്തപുരം), 0484-2429130 (എറണാകുളം), 0495-2377786 (കോഴിക്കോട്) എന്നീ ടെലഫോൺ നമ്പറിൽ നിന്നും അറിയാവുന്നതാണ്.

11. അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി **2018 ഡിസംബർ 20.**

12. അപേക്ഷകൾ അയക്കേണ്ട വിലാസം : തിരുവനന്തപുരം മുതൽ എറണാകുളം ജില്ല വരെയുള്ളവർ മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, സിവിൽ സ്റ്റേഷൻ, രണ്ടാം നില, കാക്കനാട്, എറണാകുളം-682030. ഫോൺ: 0484-2429130 എന്ന വിലാസത്തിലും,തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ളവർ മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, ഒന്നാം നില സിവിൽ സ്റ്റേഷൻ, കോഴിക്കോട് -673020. ഫോൺ: 0495-2377786 എന്ന വിലാസത്തിലും അപേക്ഷ അയയ്ക്കേണ്ടതാണ്.

(ഒപ്പ്)

**ഡയറക്ടർ**

**പിന്നാക്ക വിഭാഗ വികസന വകുപ്പ്**